പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : നം. 1406 08.02.2013 ലെ മറുപടിയ്ക്ക്

**കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് മൂലമുള്ള അധികചെലവ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. സുരേഷ് കുറുപ്പ്** | | **(ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്)**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) | വകുപ്പിലെ ദർഘാസ് നടപടിക്രമങ്ങൾ അനുസരിച്ച് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്തുന്ന കരാറിൽ നിന്നും 10% അധിക തുകയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 07.08.1997 ലെ ജി.ഒ. (എം.എസ്) 81/97/പി.ഡബ്ള്യൂ&റ്റി നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം (എ) യിൽ കൊടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ എടുക്കുന്ന പ്രവൃത്തികളുടെ കോൺട്രാക്ട് എം.ഒ.യു റൂട്ടിൽ ഏതെങ്കിലും കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കോൺട്രാക്ടർമാർക്ക് എത്ര തുകയ്ക്ക് നൽകി; പ്രസ്തുത പ്രവൃത്തികളിൽ പിന്നീട് എസ്റ്റിമേറ്റിലാക്കാൻ എത്ര ശതമാനം എക്സസ് നൽകുകയുണ്ടായി; | (ബി) & (സി) | ഉണ്ട്. പ്രൈസ് പ്രിഫറൻസ് പ്രകാരം നൽകപ്പെട്ട പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധം (ബി)യിൽ കൊടുത്തിട്ടുണ്ട്.<br>കമ്പനി ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ അംഗീകൃതപാനലിൽ പ്പെട്ട കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഓഫർ സ്വീകരിച്ചശേഷം കുറഞ്ഞനിരക്കിലുള്ള ഓഫർതുകയാണ് .കെ.എസ്.സി.സി.ടെണ്ടറിൽ പങ്കെടുക്കുമ്പോൾ ക്വാട്ട് ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത വർക്കുകളെ സംബന്ധിച്ച് പിന്നീട് എക്സസ് തുക നല്കേണ്ടതായി വരുന്നില്ല. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷൻ കണ്ടെത്തുന്ന കോൺട്രാക്ടർക്ക് പ്രവൃത്തികൾ ഏൽപ്പിക്കുന്നത് മൂലം പൊതുമരാമത്ത് വകുപ്പിനുണ്ടാകുന്ന അധിക ചെലവ് എത്ര? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ... ലഭ്യമാണ്